TUESDAY 02.07.2024 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/07/2024

1. ഞാറ്റുവേല ചന്തയുടെയും കർഷക സഭകളുടെയും സമാപന സമ്മേളനം ജൂലൈ 4 വൈകുന്നേരം 5 മണിക്ക് തിരുവനന്തപുരം പൂജപ്പുര സരസ്വതി മണ്ഡപത്തിൽ വച്ച് നടക്കുന്നു. വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിക്കുന്ന സമാപന സമ്മേളനം കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വ. ജി. ആർ. അനിൽ, മേയർ ആര്യ രാജേന്ദ്രൻ, എം.പി. ഡോ. ശശിതരൂർ, ഡെപ്യൂട്ടി മേയർ പി.കെ. രാജു, വാർഡ് കൗൺസിലർ വി.വി. രാജേഷ് എന്നിവർ പങ്കെടുക്കുന്നു .ഇതിനോടനുബന്ധിച്ച് 2024 ജൂലൈ 1 മുതൽ 4 വരെ കാർഷിക പ്രദർശനവും കാർഷിക സെമിനാറും സംഘടിപ്പിക്കുന്നു.

2. കർഷക തൊഴിലാളി വിദ്യാഭ്യാസ ധനസഹായം കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള കർഷക തൊഴിലാളികളുടെ കുട്ടികൾക്ക് 2023-24 അധ്യയന വർഷത്തെ വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ/ എയ്ഡഡ് സ്കൂളിൽ വിദ്യാഭ്യാസം നടത്തിയവരും 2023-24 വർഷത്തെ എസ്.എസ്.എൽ.സി/ടി.എച്ച്.എസ്.എൽ.സി പരീക്ഷയിൽ 75ഉം അതിൽ കൂടുതൽ പോയിൻ്റ് നേടിയവരും പ്ലസ്ട/വി.എച്ച്.എസ്.ഇ പരീക്ഷയിൽ 85 ശതമാനം മാർക്ക് നേടിയവരുമായ വിദ്യാർഥികളുടെ മാതാപിതാക്കളിൽ നിന്നുമാണ് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത്. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മാതാപിതാക്കളിൽ നിന്ന് നിശ്ചിത ഫോമിലെ അപേക്ഷ ബോർഡിന്റെ ജില്ലാ എക്സ ിക്യൂട്ടീവ് ഓഫീസിൽ ജൂലൈ ഒന്നു മുതൽ 31ന് വൈകിട്ട് അഞ്ചുവരെയും അപ്പീൽ അപേക്ഷകൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ഓഗസ്റ്റ് 12 വൈകിട്ട് അഞ്ചുവരെയും സ്വീകരിക്കും. അപേക്ഷ ഫോം www.agriworkersfund.org യിൽ

ലഭ്യമാണ്. അപേക്ഷയോടൊപ്പം മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അംഗത്വ പാസ് ബുക്കിൻ്റെ പകർപ്പ്, ആധാര കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെപകർപ്പ്, റേഷൻ കാർഡിൻ്റെ പകർപ്പ് എന്നിവ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൻ്റെ ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടുക.

3. 2023-24 അധ്യയന വർഷത്തിൽ എസ്എസ്എൽസി, പ്ലസ്ടു, വിഎച്ച്എസ്ഇ എന്നീ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ മത്സ്യത്തൊഴിലാളികളുടേയും അനുബന്ധമത്സ്യത്തൊഴിലാളികളുടേയും മക്കൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പാരിതോഷികം നൽകുന്നു. എസ്എസ്എൽസി പരീക്ഷയിൽ 10 എ പ്ലസ്, ഒമ്പത് എ പ്ലസ്, എട്ട് എ പ്ലസ് എന്നീ ഗ്രേഡ് ലഭിച്ച കുട്ടികൾക്ക് യഥാക്രമം 5,000, 4, 000, 3,000 രൂപ വീതവും പ്ലസ്ട, വിഎച്ച്എസ്ഇ പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയവർക്ക് 5,000 രൂപയുമാണ് പാരിതോഷികം. 2023-24 വർഷത്തിൽ കായിക വിനോദ മത്സരങ്ങളിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയവർക്കും പാരിതോഷികം നൽകും. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ക്ഷേമനിധി പാസ്സ്ബുക്ക് പകർപ്പ്, മാർക്ക് ലിസ്റ്റിൻ്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, കുട്ടിയുടെ ആധാർ കാർഡ് പകർപ്പ്, ബാങ്ക് പാസ്സ്ബുക്ക് പകർപ്പ് എന്നിവ സഹിതം ജൂലായ് 15 നകം അതാത് ഫിഷറീസ് ഓഫീസുകളിൽ സമർപ്പിക്കണം. ഫോൺ: 0497 2734587.

4. കെ എൽ ഡി ബോർഡ്, ധോണി ഫാം പാലക്കാടിൽ നിന്ന് ക്ഷീര കർഷകർക്ക് മിതമായ നിരക്കിൽ വിവിധയിനം തീറ്റപ്പുൽ വിത്തുകളും (ഗിനിപ്പുല്ല്, സിഗ്നൽപ്പുല്ല്,

മക്കചോളം, സുബാബൂൾ മുതലായവയുടെ) പുൽത്തണ്ടുകളും (co -3, co -4, co -5, റെഡ് നേപ്പിയർ, സൂപ്പർ നേപ്പിയർ, ഡ്വാർഫ് നേപ്പിയർ എന്നിവയുടെ) കോംഗോ സിഗ്നൽ, സിഗ്നൽ, ഹ്യൂമിഡിക്കോളാ, ഗിനിപ്പുല്ല് എന്നിവയുടെ തൈകളും വിൽക്കപെടുന്നുണ്ട്. വിത്തുകളും തണ്ടുകളും നേരിട്ടും പാർസൽ മുഖേനയും നല്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9446004285, 9048702812, 6282824544, 9446150097 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെൻറ് ട്രെയിനിംഗ് സെൻററിലും, ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിലും 2024 ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്ന ചിക്ക് സെക്സിംഗ് & ഹാച്ചറി മാനേജ്മെന്റ് കോഴ്സ് പരിശീലനത്തിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ 01.08.2024 ന് 25 വയസ്സ് കവിയാത്തവരും 18 വയസ്സ് പൂർത്തിയായവരും എസ്.എസ്.എൽ.സി/തത്തുല്യ യോഗ്യത പാസ്സായവരും, കൈവിരലുകൾക്ക് അംഗവൈകല്യം ഇല്ലാത്തവരും, കണ്ണട ഉപയോഗിക്കാതെ നല്ല കാഴ്ചശക്തി ഉള്ളവരും ആയിരിക്കണം (മെഡിക്കൽ സർട്ടിഫിക്കറ്റ് നിർബന്ധമാണ്). തെരഞ്ഞെടുക്കപ്പെടുന്നവർ നിലവിലുള്ള പരിശീലന ഫീസായി 500/- രൂപ/സർക്കാർ പുതുക്കി നിശ്ചയിക്കുന്ന പ്രവേശന സമയത്ത് അടയ്ക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ ഫീസ് നൽകേണ്ടതില്ല. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 10 (10.07.2024). നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ അപേക്ഷകൾ പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ. മൃഗസംരക്ഷണ പരിശീലന കേന്ദ്രം, കുടപ്പനക്കുന്ന്.പി.ഒ. തിരുവനന്തപുരം 695043 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. അപേക്ഷാ ഫാറത്തിന്റെ മാതൃക മൃഗസംരക്ഷണ വകുപ്പിൻ്റെ www.ahd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. കേരള കാർഷിക സർവകലാശാല, കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ പുതുതായി ആരംഭിച്ച 'ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ മെക്കാനിസേഷൻ' എന്ന രണ്ടു വർഷത്തെ കോഴ്സിൽ ഇൻസ്ട്രക്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. അപേക്ഷകർ ബി.ടെക് അഗ്രികൾച്ചർ എൻജിനീയറിങ്/ മെക്കാനിക്കൽ എൻജിനീയറിങ് ബിരുദം ഉള്ളവർ ആയിരിക്കണം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്നതിന് അസ്സൽ സർട്ടിഫിക്കറ്റുകളുമായി 12.07.2024 രാവിലെ 11 മണിക്ക് കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി ഓഫീസിൽ ഹാജരാകേണ്ടതാണ് . ഒഴിവുകളുടെ എണ്ണം- ഒന്നു വീതം. നിയമന കാലാവധി- ഒരു വർഷം, പ്രതിമാസ വേതനം-26,500 രൂപ വിശദവിവരങ്ങൾക്ക് www.kau.in സന്ദർശിക്കുക

**പരിശീലന പരിപാടി**

7. കേരള കാർഷിക സർവ്വകലാശാലയുടെ ഇപഠന കേന്ദ്രം നടത്തിവരുന്ന **"സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 ജൂലൈ 17 ന് ആരംഭിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ ജൂലൈ 16 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. www.celkau.in/MOOC എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ജൂലൈ 17 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.